# ഭൂമിയെ പരിപാലിക്കാനുള്ള വിജ്ഞാനം

**ആരാണ്** മനുഷ്യൻ? മനുഷ്യസ്വത്വത്തിന്റെ പൊരുളെന്താണ്? ജീവിതത്തിന്റെ ഉദ്ദേശ്യമെന്താണ്? ഉത്തരങ്ങൾ സമൃദ്ധമായ പഴയ ചോദ്യങ്ങളാണിത്. ഈ ചോദ്യങ്ങൾക്കുള്ള ഖുർആന്റെ ഉത്തരത്തെ ഒരിക്കൽകൂടി വായിക്കാനുള്ള ശ്രമമാണ് ഈ കുറിപ്പ്.

ഖുർആന്റെ പ്രധാന അഭിസംബോധിതർ മനുഷ്യരാണ്. ഉള്ളടക്കത്തിന്റെ നല്ല പങ്കും മനുഷ്യർ തന്നെ. ഒരുപാട് നല്ല മനുഷ്യരുടെയും ചീത്ത മനുഷ്യരുടെയും ഒറ്റക്കും ഒന്നിച്ചുമുള്ള നിരവധി അനുഭവങ്ങൾ പറഞ്ഞുകൊണ്ടാണ് ഖുർആൻ നന്മ- തിന്മകളെ നിർവചിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. മനുഷ്യനെക്കുറിച്ച പരന്ന പരാമർശങ്ങൾക്കൊപ്പം സൃഷ്ടിപ്പിന്റെ ഉജ്ജ്വലമുഹൂർത്തത്തെക്കുറിച്ച ഭാവതീവ്രമായ ആവിഷ്കാരങ്ങളും ഖുർആനിലുണ്ട്. ഉൽപത്തിയെക്കുറിച്ച ഈ പാഠങ്ങൾ മനുഷ്യനെയും ജീവിതത്തെയും കുറിച്ച മൗലിക ചോദ്യങ്ങളുടെ പ്രതീകാത്മക മറുപടികളാണ്.

മനുഷ്യനെ ഭൂമിയിലെ ദൈവപ്രതിനിധിയായി അല്ലാഹു പടച്ചയക്കാൻ തീരുമാനിച്ച വിവരം അവൻ മാലാഖമാരോട് പറഞ്ഞു. ദൈവകീർത്തനത്തിനും സ്തോത്രത്തിനും ഞങ്ങളുണ്ടായിരിക്കെ, ഭൂമിയുടെ താളത്തിന് ശ്രുതിഭംഗം വരുത്തുന്ന ഒരു സംഘത്തെ എന്തിന് സൃഷ്ടിക്കുന്നു എന്നതായിരുന്നു മാലാഖമാരുടെ ചോദ്യം. ഈ സന്ദേഹത്തിന് നേരിട്ട് മറുപടി പറയാതെ, ദൈവവും മനുഷ്യനും മാലാഖമാരും പങ്കുചേരുന്ന, മനുഷ്യാസ്തിത്വത്തിന്റെ അർഥം മുഴുവൻ ഗർഭം ധരിച്ച, ഉൽപത്തിയുടെ ഉജ്ജ്വലമുഹൂർത്തത്തിന്റെ അടുത്ത ഭാഗം, മാലാഖമാർ ഉന്നയിച്ച സംശയത്തിന്റെ വ്യംഗ്യസുന്ദരമായ മറുപടിയാണ്. മനുഷ്യസൃഷ്ടി സന്ദർഭത്തിന്റെ രംഗാവതരണവും അതിന്റെ ഭാഷാവിഷ്കാരവും ദൈവം മനുഷ്യന് നൽകിയ മികച്ച കലാശിൽപങ്ങളിലൊന്നാണ്.

എല്ലാ പേരുകളും പഠിപ്പിക്കപ്പെട്ട ആദം എന്ന തികവാർന്ന അസ്തിത്വമാണ് അടുത്ത ഭാഗത്തെ നിറഞ്ഞ സാന്നിധ്യം. അവന്റെ സാന്നിധ്യത്തിൽ മാലാഖമാരോട് പേരുകൾ പറയാനാവശ്യപ്പെടുകയാണ് ദൈവം. മാലാഖമാർ അവരുടെ നിസ്സഹായത, ദൈവം അവരെ അത് പഠിപ്പിച്ചിട്ടില്ല എന്ന സത്യം സമ്മതിക്കുന്നു. മനുഷ്യൻ പേരുകളൊന്നൊന്നായി പറഞ്ഞ് അവന്റെ സൃഷ്ടിപ്പിന്റെ ദൈവിക ന്യായം വിളംബരപ്പെടുത്തുന്നു.

എന്തിനാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്? ജിന്നുവർഗത്തെയും മനുഷ്യവർഗത്തെയും പടച്ചത് അവന് ഇബാദത്ത് ചെയ്യാൻ മാത്രമാണെന്ന് (*അദ്ദാരിയാത്ത്*:56) വേദം വ്യക്തമാക്കുന്നു. അപ്പോൾ മനുഷ്യാസ്തിത്വത്തിന്റെ അർഥത്തെ നിർണയപ്പെടുത്തുന്ന ദൈവിക ശബ്ദമാണ് ഇബാദത്ത്. പ്രാർഥനയും കീർത്തനവും മാത്രമാണ് ഇബാദത്ത് എന്ന് വിശ്വസിക്കുന്നവരുണ്ട്. അപ്പോൾ മനുഷ്യജീവിതത്തിന്റെ അർഥം ആരാധനയാണ് എന്നാണ് വന്നുചേരുക. എന്നാൽ മാലാഖമാർ വളരെ സുന്ദരമായും കാര്യക്ഷമമായും നിർവിഘ്നം അത് നിർവഹിച്ചുകൊണ്ടിരിക്കെയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യന് ഒരിക്കലും മാലാഖമാരെ ഈ വിഷയത്തിൽ മുൻകടക്കാൻ കഴിയുകയുമില്ല. കാരണം വിശപ്പും ദാഹവും ലൈംഗികതയും മറ്റാഗ്രഹങ്ങളും, കൃഷി, വ്യവസായം, കുടുംബം, കല, രാഷ്ട്രീയം തുടങ്ങി നാഗരികാവശ്യങ്ങളും അവർക്കില്ല. ജീവിതം മുഴുവൻ കീർത്തനവും സ്തോത്രവുമായി കഴിയുന്നവരാണവർ. ഞങ്ങൾ ആരാധന നിർവഹിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ എന്നത് മനുഷ്യസൃഷ്ടിപ്പിന് മറുവാദമായി മലക്കുകൾ ഉന്നയിക്കുകയും ചെയ്തിരുന്നു. അപ്പോൾ കീർത്തനത്തിനും ആരാധനക്കുമപ്പുറത്തെ എന്തോ ഒന്നിന് വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്.

ജീവിതത്തെയും നാഗരികതയെയും ഉൾക്കൊള്ളുന്ന ഈ മനുഷ്യജീവിത ഉദ്ദേശ്യത്തെയാണ് ഖിലാഫത്ത് എന്നും ഇബാദത്ത് എന്നും ഖുർആൻ ചുരുക്കി പ്പറയുന്നത്. കേവല ആരാധനയായിരുന്നു ഇബാദത്തെങ്കിൽ, അതായിരുന്നു മനുഷ്യ സൃഷ്ടിയുടെ ലക്ഷ്യമെങ്കിൽ മലക്കുകൾ അത് ചെയ്തുകൊണ്ടിരിക്കെ മനുഷ്യനെ അല്ലാഹു സൃഷ്ടിക്കേണ്ടതുണ്ടായിരുന്നില്ല. മനുഷ്യനെ നിരീക്ഷിച്ചാൽ തന്നെ ബോധ്യമാവുന്ന കാര്യം കേവല ആരാധനക്കപ്പുറം നാഗരികതയുമായി കെട്ടുപിണഞ്ഞ അസ്തിത്വമാണ് അല്ലാഹു അവന് നൽകിയിരിക്കുന്നത് എന്നതാണ്. ഇബാദത്തിന്റെയും ഖിലാഫത്തിന്റെയും സ്ഥലരാശി പള്ളി മാത്രമല്ല, ജീവിതമാണ്. ഇബാദത്തിന്റെയും ഖിലാഫത്തിന്റെയും ഭൂപടം നാഗരികതയാണ്.

ഇബാദത്തിന്റെ യഥാർഥ വിവക്ഷ ഭൂമിയുടെ പരിപാലനം (ഇമാറത്തുൽ അർള്) ആണ്. ശൈഖ് മുഹമ്മദ് മുതവല്ലി ശഅ്റാവി പറയുന്നു: പ്രപഞ്ച സംസ്കരണത്തിലേക്കും അസ്തിത്വലോകത്തുള്ള ദൈവികരഹസ്യങ്ങളുടെ നിർധാരണത്തിലേക്കും നയിക്കുന്ന എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവിനുള്ള ഇബാദത്താകുന്നു. കർമശാസ്ത്രത്തിൽ അനുഷ്ഠാന വകുപ്പ് എന്നടയാളപ്പെടുത്തിയത് മാത്രമാണ് ഇബാദത്ത് എന്ന് ധരിച്ചുപോകുന്നത് സൂക്ഷിക്കുക. അവയൊക്കെ ഇബാദത്ത് തന്നെ, പക്ഷേ മറ്റു ജീവിതചലനങ്ങളും ഇബാദത്താകുന്നു. അവയിൽ ഇബാദത്ത് നേരിട്ട് പ്രകടമാകുന്നില്ലെന്നേയുള്ളൂ. കാരണം അത് നിങ്ങൾ നിങ്ങളുടെ പ്രയോജനത്തിനു വേണ്ടിയാണ് ചെയ്യുന്നത്. നമസ്കാരത്തിലാവട്ടെ, നിങ്ങൾ നിങ്ങളുടെ സമയം വിനിയോഗിക്കുകയാ

ണ്. അതിനാൽ നാമതിനെ തികഞ്ഞ ഇബാദത്ത് എന്ന് വിളിച്ചു. മറ്റു ജീവിതപ്രവർത്തനങ്ങളോ, അത് ദൈവത്തിൽ വിശ്വസിക്കാത്തവരും അതേപടി ചെയ്യുന്നു. അയാളും കൃഷിയും വ്യവസായവും ചെയ്യുന്നുണ്ടല്ലോ. നിർമതനിൽനിന്നുണ്ടാവാത്ത കാര്യങ്ങളെയാണ് ആളുകൾ ഇബാദത്ത് എന്നു വിളിച്ചത്. പ്രപഞ്ചസംസ്കരണത്തിനും ഭൗതികപുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ അക്കൂട്ടത്തിൽപെടുന്നു. പക്ഷേ, നമ്മൾ അനുസരിക്കുന്ന, അല്ലാഹുവിന്റെ എല്ലാ കൽപനകളുടെയും പേരാണ് ഇബാദത്ത് (*ഖുർആൻ ബോധനം* 3; സൂറ:*അന്നിസാഅ്*- അടിക്കുറിപ്പ് 36).

എന്താണ് ഖിലാഫത്ത്? ഇമാം ബൈളാവി പറയുന്നു: "ഭൂമിയുടെ പരിപാലനം, ജനങ്ങളുടെ ഭരണം, മനുഷ്യരുടെ ആവശ്യപൂർത്തീകരണം, അവരിൽ അല്ലാഹുവിന്റെ കൽപന നടപ്പാക്കുക എന്നീ കാര്യങ്ങളിൽ മനുഷ്യനെ അല്ലാഹു ഭൂമിയിൽ പ്രതിനിധിയാക്കിയിരിക്കുന്നു" (ഉദ്ധരണം: 'ഇസ്ലാമിൽ ഭരണകൂടത്തിന്റെ പ്രാധാന്യം' - സയ്യിദ് സുലൈമാൻ നദ്‌വി. *ബോധനം* 1999 മാർച്ച്-ഏപ്രിൽ). പള്ളിയും വ്യവസായ ശാലയും കൃഷിയിടവും വിദ്യാലയവും അങ്ങാടിയും എല്ലാമുൾക്കൊള്ളുന്ന ഒരു നാഗരികതയുടെ ദൈവവിധിപ്രകാരമുള്ള പരിപാലനമാണ് ഖിലാഫത്തിന്റെയും ഇബാദത്തിന്റെയും അർഥം. ഇതു തന്നെയാണ് മനുഷ്യ ഉണ്മയുടെ പൊരുളും യാഥാർഥ്യവും.

*** *** ***

സൃഷ്ടിപ്പിനെ കുറിച്ച ഖുർആനിക പാഠങ്ങൾ വായിക്കുന്ന വായനക്കാരന് ന്യായമായും ഉണ്ടാവുന്ന സംശയം, മനുഷ്യനെ പഠിപ്പിച്ചതുകൊണ്ടാണ് അവന് വസ്തുക്കളുടെ പേരുകൾ പറയാൻ സാധിച്ചത്, മലക്കുകളെ പഠിപ്പിച്ചിരുന്നെങ്കിൽ അവരും പറയുമായിരുന്നില്ലേ? മനുഷ്യനാണ് ഭൂമിയിലെ ഖലീഫയായി നിയോഗിക്കപ്പെടാൻ പോകുന്നത്. ഈ പ്രാതിനിധ്യം നിർവഹിക്കാനുള്ള ഉപകരണമാണ് ഈ പേരുകൾ. ഭൂമിയുടെ പ്രാതിനിധ്യം ഏൽപിക്കപ്പെടാത്ത മാലാഖമാരെ അത് പഠിപ്പിക്കേണ്ടതില്ലല്ലോ. മാലാഖമാർ ദൈവാജ്ഞപ്രകാരം നമിച്ചത് കേവലം ആദമിന്റെ ശരീരത്തിന്റെ മുമ്പിലല്ല. ഭൂമിയിലെ അവന്റെ നാഗരിക പ്രാതിനിധ്യത്തിന്റെ സമക്ഷത്തിലാണ്. ഒരു പ്രവാചകവചനത്തിന്റെ വിവർത്തനം ഏതാണ്ട് ഇപ്രകാരമാണ്: 'നാളെ പരലോകത്ത് മാലാഖമാർ അല്ലാഹുവിന്റെ അടുത്ത് വന്ന് പറയും; മനുഷ്യനൊരുപാട് തെറ്റുകൾ ചെയ്തവനാണ്. അതുകൊണ്ട് സ്വർഗം അവനല്ല, ഞങ്ങൾക്കാണ് നൽകേണ്ടത്. അപ്പോൾ അല്ലാഹു പറയും; നിങ്ങൾ ചെയ്യാത്ത ഒരു കാര്യം അവൻ ചെയ്തിട്ടുണ്ട്. അത് എന്റെ മാർഗത്തിലുള്ള ജിഹാദാണ്.' നാഗരികതയുടെ പുനഃസംവിധാനത്തിനുള്ള സമരോത്സുകമായ പ്രവർത്തനമാണല്ലോ ജിഹാദ്.

ഭൂമിയിൽ നാഗരികത കെട്ടിപ്പടുക്കാനുള്ള, ഭൂമിയെ പരിപാലിക്കാനുള്ള വിജ്ഞാനത്തിന്റെ ബീജമാണ് അന്ന് അല്ലാഹു ആദമിനെ പഠിപ്പിച്ച പേരുകൾ. ഇന്ന് മനുഷ്യൻ വ്യവഹരിക്കുന്ന എല്ലാ വിജ്ഞാനങ്ങളും അതിന്റെ തുടർച്ചയും വികാസവുമാണ്. ഇസ്ലാമിക വീക്ഷണത്തിൽ വിജ്ഞാനത്തെ വ്യാവഹാരികതക്കപ്പുറം മതപരമെന്നും മതേതരമെന്നും കഷ്ണിക്കുന്നതിനർഥമില്ല. ഒരു നല്ല സംഘജീവിതത്തിനാവശ്യമായ എല്ലാ അറിവുകളും ഇസ്ലാമിക വിജ്ഞാനീയങ്ങളാണ്. അവ ഭൗതികവും ആത്മീയവുമാകാം. അതുകൊണ്ടാണ് ഇമാം ഗസ്സാലി ഗണിതവും വൈദ്യവും ക്ഷുരകവൃത്തിയുമെല്ലാം വിശ്വാസികളുടെ വൈജ്ഞാനികമായ സാമൂഹ്യ ബാധ്യതകളാണെന്നു പറഞ്ഞത്. ഇസ്ലാമിക കർമ ശാസ്ത്രത്തെ ലൗകിക വിജ്ഞാനങ്ങളുടെ ഗണത്തിലാണ് അദ്ദേഹം എണ്ണുന്നത്. മത-ജീവിതവിഭജനം ഇവിടെ ഗോപുരരൂപമെടുത്തുനിൽക്കുന്നതിന്റെ അടിത്തറ വിജ്ഞാനത്തിലെ മത-മതേതര വിഭജനമാണ്. ■